**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5270** **05-07-2024 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആകെ 50 കൃഷിശ്രീ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അനുവദിച്ച കൃഷിശ്രീ സെന്ററുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൃഷിശ്രീ സെന്ററുകൾ വഴി കർഷകർക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | കർഷകർക്ക് ആവശ്യമായ കാർഷിക സേവനങ്ങൾ, അവരുടെ കൃഷിയിടത്തിലേക്ക് നേരിട്ട് എത്തിക്കുന്നതിന് സാധ്യമാകും വിധം പ്രവർത്തിക്കുക എന്നതാണ് കൃഷിശ്രീ സെന്ററുകളുടെ പ്രാഥമിക ലക്ഷ്യം. യന്ത്ര സഹായത്തോടെ കൃഷിപ്പണികൾ കാര്യക്ഷമതയോടെ നിർവ്വഹിക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെയും മറ്റ് ഉല്പാദനോപാധികളുടെയും ഉല്പാദനവും വിതരണവും, വിപണി ഒരുക്കലും വിപണനവും, വിളവെടുക്കലും സംസ്കരണവും തുടങ്ങി വിദഗ്ധവും അവിദഗ്ധവുമായ എല്ലാത്തരം പ്രവർത്തനങ്ങളും കൃഷിശ്രീ സെന്ററുകൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്. സൂക്ഷ്മ ജലസേചനം ഉൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ ഒരുക്കൽ, മഴമറകളുടെ നിർമ്മാണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും നേരിട്ടോ വിവിധ ഏജൻസികളുടെ സഹായത്തോടെയോ കൃഷിശ്രീ സെന്ററുകൾക്ക് നിർവ്വഹിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## 2021-22 സാമ്പത്തിക വർഷം അനുവദിച്ച കൃഷിശ്രീ സെന്ററുകൾ

| ക്രമ നം | ജില്ല | എണ്ണം | ബ്ലോക്കിന്റെ പേര് |
|---|---|---|---|
| 1 | കൊല്ലം | 2 | ഇരവിപുരം, കൊട്ടാരക്കര |
| 2 | എറണാകുളം | 1 | പറവൂർ |
| 3 | തൃശ്ശൂർ | 1 | ചേർപ്പ് |
| 4 | പാലക്കാട് | 1 | ചിറ്റൂർ |
| 5 | മലപ്പുറം | 1 | പരപ്പനങ്ങാടി |
| 6 | കാസർകോഡ് | 1 | കാസർകോഡ് |
| 7 | കണ്ണൂർ | 1 | ഇരിക്കൂർ |
| | ആകെ | 8 | |

## 2022-23 സാമ്പത്തിക വർഷം അനുവദിച്ച കൃഷിശ്രീ സെന്ററുകൾ

| ക്രമ നം | ജില്ല | എണ്ണം | ബ്ലോക്കിന്റെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | കാട്ടാക്കട |
| 2 | കൊല്ലം | 1 | ശാസ്താംകോട്ട |
| 3 | പത്തനംതിട്ട | 1 | അടൂർ |
| 4 | ആലപ്പുഴ | 3 | ചേർത്തല സൗത്ത്, ആലപ്പുഴ, ചാരുംമൂട് |
| 5 | ഇടുക്കി | 1 | ദേവികുളം |
| 6 | കോട്ടയം | 1 | വാഴൂർ |
| 7 | എറണാകുളം | 1 | ആലുവ |
| 8 | തൃശ്ശൂർ | 2 | പുഴയ്ക്കൽ, തളിക്കുളം |
| 9 | പാലക്കാട് | 3 | ഷൊർണ്ണൂർ, തൃത്താല, ആലത്തൂർ |
| 10 | മലപ്പുറം | 2 | വേങ്ങര, അങ്ങാടിപ്പുറം |
| 11 | കോഴിക്കോട് | 1 | തൂണേരി |
| 12 | കണ്ണൂർ | 2 | പേരാവൂർ, ഇരിട്ടി |
| 13 | കാസർകോഡ് | 1 | കാറഡുക്ക |
| | ആകെ | 20 | |

# 2023-24 സാമ്പത്തിക വർഷം അനുവദിച്ച കൃഷിശ്രീ സെന്ററുകൾ

| ക്രമ നം | ജില്ല | എണ്ണം | ബ്ലോക്കിന്റെ പേര് |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | പള്ളിച്ചൽ |
| 2 | കൊല്ലം | 2 | ചവറ, കുണ്ടറ |
| 3 | പത്തനംതിട്ട | 1 | പുല്ലാട് |
| 4 | ആലപ്പുഴ | 3 | പനവള്ളി, രാമങ്കരി, മാവേലിക്കര |
| 5 | ഇടുക്കി | 1 | ഏലംദേശം |
| 6 | കോട്ടയം | 1 | പാമ്പാടി |
| 7 | എറണാകുളം | 3 | ആലുവ, മുളന്തുരുത്തി, പെരുമ്പാവൂർ |
| 8 | തൃശ്ശൂർ | 1 | ചാവക്കാട് |
| 9 | പാലക്കാട് | 4 | തൃത്താല, മണ്ണാർക്കാട്, പാലക്കാട്, നെൻമാറ |
| 10 | മലപ്പുറം | 3 | മലപ്പുറം, വണ്ടൂർ, പൊൻമുണ്ടം |
| 11 | കോഴിക്കോട് | 1 | കോഴിക്കോട് |
| 12 | കണ്ണൂർ | 1 | പാനൂർ |
| | ആകെ | 22 | |

സെക്ഷൻ ഓഫീസർ